മലബാർമേഖലയിൽ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്ത സംഭവം

63 (2776) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിൽ സർക്കാർ ഏറ്റെടുത്ത വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്ത സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ വിട്ടുകൊടുക്കേണ്ടിവന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര ഏക്കർ വനഭൂമിയാണ് ഇങ്ങനെ നഷ്ടപ്പെട്ടിട്ടുള്ളത് ;

(ഡി) കോടതി ഉത്തരവ് മൂലമാണോ വസ്തുക്കൾ കൊടുക്കേണ്ടി വന്നത് ;

(ഇ) കോടതിയിൽ ഗവൺമെന്റിനുവേണ്ടി ഹാജരായ അഭിഭാഷകർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട വനഭൂമികളിൽ അവകാശവാദം ഉന്നയിച്ച് സ്ഥലം തിരിച്ച് ലഭിക്കുന്നതിനായി മുൻ ഉടമസ്ഥർ നിയമാനുസൃതമായി ട്രൈബ്യൂണലുകളിലും മേൽ കോടതികളിലും അപേക്ഷകളും അപ്പീലുകളും സമർപ്പിക്കുകയും അവയിൽ വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് നിയമത്തിലെ വകുപ്പുകൾ പ്രകാരം നിക്ഷിപ്തമാക്കിയതിൽനിന്ന് ഒഴിവാക്കിക്കൊണ്ട് കോടതികൾ വ്യക്തികൾക്ക് അനുകൂലവിധികൾ പുറപ്പെടുവിച്ച സാഹചര്യത്തിലാണ് സ്ഥലം വിട്ടുകൊടുക്കേണ്ടി വന്നത്.

(സി) വിവിധ കേസുകളിലായി 9126 ഏക്കർ വനഭൂമി.

(ഡി) അതെ.

(ഇ) 1971-ലെ നിയമം നിലവിൽ വന്നതിനുശേഷം കാലാകാലങ്ങളിൽ സർക്കാർ തെരഞ്ഞെടുത്ത് നിയമിക്കുന്ന സർക്കാർ അഭിഭാഷകരാണ് വിവിധ കോടതികളിൽ നിക്ഷിപ്ത വന സംബന്ധമായ കേസ്സുകൾ വാദിച്ചിട്ടുള്ളത്. അവരുടെ പേരുവിവരങ്ങൾ ശേഖരിച്ചു വരുന്നു.

വനത്തിൽ നിന്നും മരം മുറിക്കുന്നതിനുള്ള മാനദണ്ഡം

64 (2777) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly